Uncorrected/Not for publication

01-07-2026

Statement under Rule 300 – Matters related to the distribution of power in the State

ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, സംസ്ഥാനത്ത് കഴിഞ്ഞ ചില ദിവസങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടിവന്ന സാഹചര്യത്തെക്കുറിച്ച് ഏവർക്കും അറിയുന്നതാണല്ലോ. വൈദ്യുതി ലഭ്യതയും വൈദ്യുതി ആവശ്യകതയും തമ്മിൽ വലിയ അന്തരം ഉണ്ടായ ഒരു സാഹചര്യത്തിലാണ് നിയന്ത്രണം വേണ്ടിവന്നത്. മഴയുടെ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ സംഭരണ ഡാമുകളിലേയ്ക്കുള്ള നീരൊഴുക്ക് സാരമായി കുറഞ്ഞിട്ടുണ്ട്. അന്തരീക്ഷ താപനില ഉയർന്നനിലയിൽതന്നെ തുടർന്നതിനാൽ വൈദ്യുതിയുടെ ഉപഭോഗം വളരെയധികം വർധിച്ചു. പസഫിക് സമുദ്രത്തിൽ എൽനിനോ പ്രതിഭാസം വന്നതിനെ തുടർന്ന് അന്തരീക്ഷ ഊഷ്മാവ് വർധിച്ചതിനാൽ രാജ്യത്താകെ വൈദ്യുതി ലഭ്യതയിൽ വൻതോതിലുള്ള കുറവുണ്ടായതായി കെ.എസ്.ഇ.ബി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ജൂൺ ഒന്നിന് തന്നെ മൺസൂൺ എത്തിയെങ്കിലും മഴ വേണ്ടത്ര ശക്തിപ്രാപിക്കാത്തതിനാൽ അന്തരീക്ഷ താപനില കാര്യമായി കുറഞ്ഞിട്ടില്ല. പ്രതിദിനം ശരാശരി 4100 മെഗാവാട്ടിന്റെ ആവശ്യകതയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 4900 മെഗാവാട്ട് വരെ ഉയരുന്ന സ്ഥിതിയുണ്ട്. ആഭ്യന്തര ഉൽപാദനമായ 1700 മെഗാവാട്ടും കേന്ദ്രനിലയങ്ങളിൽ (Central Generating Stations) നിന്നുള്ള 1701 മെഗാവാട്ടും ദീർഘകാല കരാറുകളിൽ (LTA - Long Term Agreement) നിന്നുള്ള 612 മെഗാവാട്ടും പൂർണ്ണതോതിൽ ലഭിക്കുമ്പോഴും മേൽപ്പറഞ്ഞ കാരണങ്ങളാൽ ഏതാണ്ട് 900 മെഗാവാട്ട് വൈദ്യുതിയുടെ കുറവ് നിലവിലുണ്ട്. ഈ വർഷം വേനൽക്കാലത്തെ വൈദ്യുതി ഉപയോഗം നേരിടുന്നതിനായി ഇതരസംസ്ഥാനങ്ങളിൽനിന്നും വൈദ്യുതി കടം വാങ്ങിയിരുന്നു (Swap import). ജൂൺ 16 മുതൽ മഴ ലഭിക്കുമെന്ന പ്രതീക്ഷയിൽ തിരികെ നൽകാമെന്ന കരാറിലാണ് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഈ വൈദ്യുതി വായ്പയായി വാങ്ങിയത്. പ്രസ്തുത വൈദ്യുതിയുടെ swap return-നുവേണ്ടി പ്രതിദിനം 6.58 MU (Million Unit) നൽകേണ്ടതായിട്ടുണ്ട്. Swap return 2026 സെപ്റ്റംബർ വരെയുണ്ട്.

നിലവിൽ ജലസംഭരണ അണക്കെട്ടുകളിലേയ്ക്കുള്ള നീരൊഴുക്ക് വളരെ കുറഞ്ഞതിനാൽ

ജലസംഭരണം 870 MU (21%) മാത്രമാണ്. കഴിഞ്ഞ വർഷം ഇതേ സമയം ഇത് 2475 MU (59%) ആയിരുന്നു. ഇപ്പോഴത്തെ കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 88-90 മില്യൺ യൂണിറ്റാണ്. ഇതിൽ ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന വൈദ്യുതി പ്രതിദിനം 15-16 മില്യൺ യൂണിറ്റ് മാത്രമാണ്. പുറമെ നിന്നും ഏകദേശം 74-75 MU വൈദ്യുതി വാങ്ങേണ്ടി വരുന്നു. അങ്ങനെ സംസ്ഥാനത്തിന്റെ പ്രതിദിന വൈദ്യുതി ആവശ്യകതയുടെ ഏകദേശം 17-18% മാത്രമാണ് ആഭ്യന്തര ഉൽപാദനം. 82-83% പുറമെ നിന്നും വാങ്ങുന്നു.

കേരളത്തിന്റെ ആഭ്യന്തര ഉൽപാദനം പ്രധാനമായും ജലവൈദ്യുതിയെ ആശ്രയിക്കുന്നതിനാൽ മഴയുടെ ലഭ്യത അനുസരിച്ച് വർഷംതോറും ഉൽപാദനം വ്യത്യാസപ്പെടുന്നു. ജല വൈദ്യുതി ഉൽപാദനത്തിന്റെ നിലവിലെ സ്ഥാപിതശേഷി 2196 മെഗാവാട്ട് ആണ്. കഴിഞ്ഞ 10 വർഷക്കാലയളവിൽ ആകെ 150.636 മെഗാവാട്ടിന്റെ വർധനവ് മാത്രമാണ് ജലവൈദ്യുത പദ്ധതികൾ വഴി അഭ്യന്തര ഉൽപാദനത്തിൽ കൈവരിക്കാൻ കഴിഞ്ഞത്. ഇത് ജല വൈദ്യുതിയുടെ സംസ്ഥാനത്തെ സ്ഥാപിത ശേഷിയുടെ കേവലം 6.8 ശതമാനവും ആവശ്യകതയുടെ (ശരാശരി 5000 മെഗാവാട്ട്) 3 ശതമാനം മാത്രമാണ് എന്ന വസ്തുത നിലനിൽക്കുന്നു. സൗരോർജ മേഖലയിൽ ഗ്രിഡിലേക്ക് കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുള്ളതിൽ ഏതാണ്ട് മുഴുവനും ബാറ്ററി സംഭരണശേഷിയില്ലാത്തതാണ്. ഇതിൽ ഭൂരിഭാഗവും സ്വകാര്യ വ്യക്തികളുടെയോ സംരംഭങ്ങളുടെയോ ആണ്. CUF (കൃമുലേറ്റീവ് യൂട്ടിലൈസേഷൻ ഫാക്ടർ) കണക്കിലെടുക്കുമ്പോൾ, സോളാറിൽ സ്ഥാപിതശേഷിയുടെ 11.43 ശതമാനം മാത്രമാണ് ഊർജമായി ലഭിക്കുന്നത്. മഴയുടെ ലഭ്യതക്കുറവ് കണക്കിലെടുത്ത് DEEP (Discovery of Efficient Electricity Price) കരാറുകൾക്കുള്ള പരിശ്രമം കെ.എസ്.ഇ.ബി.എൽ. നടത്തിയിരുന്നെങ്കിലും രാജ്യത്തെ എൽനിനോ പ്രതിസന്ധി കാരണം വിജയിച്ചില്ല. ഈയൊരു സാഹചര്യത്തിലാണ് വൈദ്യുതി നിയന്ത്രണമുണ്ടായത്. ഈ മാസം 16 മുതൽ 19 വരെയും 26-ാം തീയതിയുമാണ് നിയന്ത്രണമുണ്ടായത്. 2026 ഏപ്രിൽ മാസം 22 മുതൽ 27-ാം തീയതി വരെയും മേയ് മാസം 11, 12, 20, 21 തീയതികളിലും ഇതുപോലെ വൈദ്യുതി

നിയന്ത്രണമുണ്ടായിട്ടുണ്ട്. പീക്ക് സമയത്ത് അധിക വൈദ്യുതി ആവശ്യകത നേരിടുന്നത് ഉയർന്ന വിലയ്ക്ക് പുറമെനിന്ന് വൈദ്യുതി വാങ്ങിയാണ്. പകൽ സമയത്ത് സോളാറിൽനിന്നും മറ്റും വൈദ്യുതി ലഭ്യമാകുന്നതിനാൽ വളരെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുമെങ്കിലും പീക്ക് സമയങ്ങളിൽ യൂണിറ്റിന് 10 (പത്ത്) രൂപ വരെ നൽകേണ്ടിവരുന്നു. ആഭ്യന്തര വൈദ്യുതി ഉൽപാദനശേഷി കാര്യമായി വർധിപ്പിക്കുന്നതിന് ലാഭകരമായ ദീർഘകാല കരാറിൽ ഏർപ്പെടുന്നതുമാണ് ഇതിനുള്ള പരിഹാരം. നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ കപ്പാസിറ്റി അഡിഷൻ/എക്സ്റ്റൻഷൻ സംബന്ധിച്ച് പഠനങ്ങളും പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ നടപടികളും നടക്കുന്നുണ്ടെങ്കിലും ഇതെല്ലാം കൂടുതൽ സമയമെടുക്കുന്നതാണ്. പീക്ക് സമയങ്ങളിലെ ആവശ്യകത നേരിടാൻ ബാറ്ററി എനർജി സ്റ്റോറേജ് പദ്ധതികൾക്ക് (BESS) മുൻഗണന നൽകി സമയബന്ധിതമായി നടപ്പാക്കാനുദ്ദേശിക്കുന്നു. നിലവിലുള്ള ആറ് BESS പദ്ധതികൾ (മൈലാട്ടി, ശ്രീകണ്ഠാപുരം, മുള്ളേരിയ, അരീക്കോട്, പോത്തൻകോട്, ബ്രഹ്മപുരം) കമ്മിഷൻ ചെയ്യുന്നതോടെ കപ്പാസിറ്റിയിൽ 500 മെഗാവാട്ട് വർധിപ്പിക്കാനും എനർജി സംഭരണശേഷിയിൽ 1500 മെഗാവാട്ട് അവർ വർധിപ്പിക്കാനും കഴിയും. ഇതിൽ 5 പദ്ധതികളും 2026 അവസാനത്തോടെ കമ്മിഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. മാത്രമല്ല, DEEP (Discovery of Efficient Electricity Price) പോർട്ടൽ മുഖേന 15-06-2026 മുതൽ 31-12-2026 വരെ ഷോർട്ട് ടേം പവർ പർച്ചേസ് നടത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടും താരിഫ് അംഗീകരിച്ചുകൊണ്ടും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ 29-06-2026-ന് ഉത്തരവായിട്ടുണ്ട്. മേൽ സൂചിപ്പിച്ച നടപടികളിലൂടെ സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പീക്ക് സമയങ്ങളിൽ വൈദ്യുതി ഉപയോഗം കഴിയുന്നത്ര കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണവും ആവശ്യമാണ്.

വൈദ്യുതിയുടെ വിതരണം നല്ല നിലയിലാക്കുന്നതിനും പരാതികളും പ്രശ്നങ്ങളും കഴിയുന്നത്ര പരിഹരിക്കുന്നതിനും ശ്രമിച്ചുവരുന്നു. ഇതിലേക്ക് ഏവരുടെയും സഹായസഹകരണങ്ങൾ പ്രത്യേകമായി അഭ്യർഥിക്കുന്നു.